(ബി) പുതുതായി അംഗൻവാടി വർക്കർമാരായി നിയമിക്കപ്പെടുന്നതിന് ഒഴിവുകൾ ഉണ്ടാകുന്ന സന്ദർഭത്തിൽ തന്നെ ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ;

(സി) അംഗൻവാടി വർക്കർമാർക്ക് അവരുടെ സേവനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗൻവാടി വർക്കർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നത് സർക്കാർ രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയാണ്. സെലക്ഷൻ കമ്മിറ്റി നിലവിൽ ഇല്ലാത്ത പ്രോജക്ടുകളിൽ കമ്മിറ്റി രൂപീകരിക്കുന്ന നടപടികൾ സാമൂഹ്യക്ഷേമ വകുപ്പു സ്വീകരിച്ചുവരുന്നുണ്ട്. സെലക്ഷൻ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ വർക്കർ/ഹെൽപ്പർ ഒഴിവുകൾ നികത്തുന്നതിന് കമ്മിറ്റി വിളിച്ചുചേർത്ത് സെലക്ഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് സെലക്ഷൻ കമ്മിറ്റി കൺവീനർ കൂടിയായ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അംഗൻവാടി വർക്കർമാരുടെ സേവന വ്യവസ്ഥകൾ, പ്രശ്നങ്ങൾ, അവരുടെ വെൽഫെയർ ഫണ്ടിന്റെ നടത്തിപ്പ് ഇത്യാദി കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് പെൻഷൻ നൽകുന്ന നടപടി

57 [1196] ശ്രീ. കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർ/ഹെൽപ്പർ തസ്തികകളിൽ ജോലി ചെയ്യുന്നത് സംബന്ധിച്ച് പുതിയ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരുടെ സേവന വ്യവസ്ഥകൾ, പ്രശ്നങ്ങൾ, അംഗൻവാടി വെൽഫയർ ഫണ്ടിന്റെ നടത്തിപ്പ് എൽ. ഐ. സി.-യുമായി ആലോചിച്ച് ഒരു പെൻഷൻ സ്കീം നടപ്പിലാക്കുന്നത്, അംഗൻവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം സൗജന്യമായി നൽകിയവരുടെ ആവശ്യങ്ങൾ എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സാമൂഹ്യ ക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. കമ്മീഷൻ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly